"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ശ്രീമതി രശ്മി.ആർ.മണി ഫയൽ ചെയ്ത ഒ.എ നം.1252/2024 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 08.08.2024 തീയതിയിലെ വിധി അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2523/2024/H&FWD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ തീയതി 25.02.2017.
2. ശ്രീമതി.രശ്മി ആർ മണി 05.08.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ (അനുബന്ധം എ7).
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ നം. 1252/2024 കേസിലെ 08.08.2024 തീയതിയിലെ ഉത്തരവ്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.10.2024 തീയതിയിലെ ഇ.ജി.2/23213/24/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീനാരായണപുരം കുടുംബാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ജോലിചെയ്യുന്ന ശ്രീമതി രശ്മി ആർ മണി, തന്നെ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റിയതിനെതിരെ ഫയൽ ചെയ്ത ഒ.എ 1252/2024 നമ്പർ കേസിൽ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച 08.08.2024 തീയതിയിലെ വിധിയിൽ ടിയാരി സമർപ്പിച്ച അനുബന്ധം എ7 അപ്പീൽ പരിശോധിച്ച് ടി വിധിന്യായം കൈപ്പറ്റി രണ്ടു മാസത്തിനകം ഉചിത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് തേടി. 19/5/2005-ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 ആയി കൊല്ലം ജില്ലയിൽ സേവനത്തിൽ പ്രവേശിച്ച അപേക്ഷക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 ആയി സ്ഥാനക്കയറ്റം ലഭിച്ചതിനുശേഷവും കൊല്ലം ജില്ലയിൽ തന്നെയാണ് തുടർന്നിരുന്നത്. 19 വർഷമായി ടിയാൾ കൊല്ലം ജില്ലയിൽ തുടരുന്നു. കൊല്ലം ജില്ലയിലെ ഏറ്റവും സീനിയർ ആയ ജീവനക്കാരിയായതിനാലാണ് അപേക്ഷകയെ പൊതുസ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തിയതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

3. - ക്യാൻസർ രോഗത്തിന് തുടർ ചികിത്സയിലാണെന്നും അവസാനമായി കീമോതെറാപ്പിക്ക് വിധേയമായിരിക്കുന്നത് 07.07.2018- ലാണെന്നും താമസ സ്ഥലത്തുനിന്നും

70 കിലോ മീറ്റർ അകലെയാണ് പോസ്റ്റിംഗ് ലഭിച്ചിരിക്കുന്നത് എന്നതിനാൽ തുടർചികിത്സയെ ബാധിക്കുന്നുവെന്നും നീണ്ടദൂരം യാത്ര ചെയ്യാൻ പറ്റിയ ആരോഗ്യസ്ഥിതി തനിക്കില്ലായെന്നും അപേക്ഷക സൂചിപ്പിക്കുന്നു. Amritha Institute of Medical Sciences - ൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ടിയാൾ ഹാജരാക്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അപേക്ഷകയെ സ്ഥലം മാറ്റിയതിനിടയാക്കിയ കാരണങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 19 വർഷം സേവന ദൈർഘ്യമുള്ള നിലവിലെ സീനിയർ മോസ്റ്റ് ആയ അപേക്ഷകയെ മറ്റു സ്റ്റേഷനുകളിൽ 3 വർഷം പൂർത്തിയാക്കിയവരെ ഉൾക്കൊള്ളിക്കുന്നതിനു ആവശ്യമായ ഒഴിവുകൾക്ക് വേണ്ടിയാണു സ്ഥലം മാറ്റിയിട്ടുള്ളത്. എല്ലാ സംരക്ഷണങ്ങളും 5-വർഷമായി നിജപ്പെടുത്തിയിരിക്കുന്നതിനാലും അപേക്ഷകൻ രണ്ടു കേഡറുകളിലുമായി 19-വർഷമായി കൊല്ലം ജില്ലയിൽ തുടരുന്നു എന്നതിനാലും ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ചിരുന്നില്ല. എന്നിരുന്നാലും ടിയാളുടെ അസുഖം കണക്കിലെടുത്തു കൊല്ലം ജില്ലക്ക് ഏറ്റവും അടുത്തുള്ള തിരുവനന്തപുരം ജില്ലയിലേക്ക് ആണ് ടിയാൾക്ക് സ്ഥലം മാറ്റം നൽകിയത്. നിലവിൽ കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ ഒഴിവ് ഇല്ല. മേൽ സാഹചര്യത്തിൽ ശ്രീമതി.രശ്മി ആർ മണി സ്ഥലം മാറ്റം ലഭ്യമായ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശേഷം തുടർന്ന് വരുന്ന ഒഴിവിൽ സീനിയോറിറ്റിക്കും സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്കും വിധേയമായി കൊല്ലം ജില്ലയിലേക്ക് സ്ഥലം മാറ്റ അപേക്ഷ പരിഗണിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു.ട്രൈബ്യൂണൽ ഒ.എ നം.1252/2024 കേസിൽ പുറപ്പെടുവിച്ച 08.08.2024 തീയതിയിലെ വിധി അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ (എ&റ്റി), ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
ശ്രീമതി.രശ്മി ആർ.മണി, ചരുവിള പുത്തൻവീട്, വെണ്ടാർ പി.ഒ., കോട്ടത്തല, കൊല്ലം - 691 507.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(C2/255/2024-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 22.10.2024 15:54:45
സെക്ഷൻ ഓഫീസർ

[illegible] നമ്പർ: EG2 - 23213/24/DHS. തീയതി: 23/10/24.

സർക്കാർ ഉത്തരവിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

23/10/24

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
കൊല്ലം.

23/10/24